Registered No. M-4485

Madras War Review, Malayalam—3-3-1944

UNIVERSITY LIBRARY 10 FEB 1946? MADRAS

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III]  മദിരാശി: 1944 മാർച്ച് 3-ാംനു, വെള്ളിയാഴ്ച  [ലക്കം 26



## അഭിവാദയെ!

ഇന്ത്യൻ പതിന്നാലാം പട രൂപീകരിച്ചതിന്നു ശേഷം ആദ്യമായുണ്ടായ യുദ്ധത്തിൽ നിങ്ങൾ വിജയശ്രീമാന്മാരായിക്കഴിഞ്ഞു. നിങ്ങൾ കൊടുത്ത പ്രഹരം ജാപ്പാൻകാരെ ഒന്നുണർത്തി. അതിന്റെ ചൂടു് അവർ അത്രവേഗം മറക്കുകയുമില്ല. യുദ്ധത്തിൽ ചതിയും ചൂതും നിഷ്ഫലമാണെന്നു് അവർ ഇപ്പോൾ പഠിച്ചുതുടങ്ങി.

നിങ്ങളുടെ ഗതാഗതസൌകൎയ്യങ്ങളെ മുടക്കുവാനായി മൂന്നാഴ്ച മുമ്പു് ശത്രുക്കൾ ഒരു വലിയ സൈന്യത്തെ കാട്ടിൽകൂടി വിട്ടിരുന്നു. ഗതാഗതങ്ങൾ മുടക്കി നിങ്ങളെ പിന്നിൽനിന്നാക്രമിക്കാനായിരുന്നു അവരുടെ ഉദ്ദേശം. അരാഖാൻ പ്രദേശത്തു്വെച്ചു് ഈ ശത്രുസൈന്യം നിങ്ങളെ തോല്പിക്കാനും, അതോടൊന്നിച്ചു് ഇന്ത്യയെ ആക്രമിക്കാനും കരുതിക്കൊണ്ടു് ഒരു വലിയ പടപുറപ്പാടാരംഭിച്ചു. അവരുടെ ആക്രമണം നിങ്ങൾ ധൈൎയ്യമായും വിക്രമത്തോടുംകൂടി നേരിട്ടു. നിങ്ങൾ പലരും കൂട്ടം പിരിഞ്ഞു് വട്ടത്തിലായി; വിമാനമാൎഗ്ഗമായി കിട്ടുന്ന ഭക്ഷണത്തിന്മേൽമാത്രം ആശ്രിതരായി. എന്നാൽ എന്തു് കഷ്ടപ്പാടു് നേരിട്ടിട്ടും നിങ്ങളുടെ കെല്പിന്നൊരു കുറവും വരാതെ, കരവഴിയായും, കടൽവഴിയായും, വിമാനമാൎഗ്ഗമായും മഹൽശക്തികൾ നിങ്ങളുടെ സഹായത്തിന്നുണ്ടെന്നുള്ള ദൃഢവിശ്വാസത്തിന്നിളക്കം വരാതെ, നിങ്ങൾ നിന്നു പൊരുതി.

അതികഠിനമായ യുദ്ധത്തിന്നുശേഷം നിങ്ങൾ ജാപ്പാൻകാരുടെ മദം തകൎത്തിരിക്കുന്നു. നിങ്ങളെ പിന്നിൽനിന്നാക്രമിച്ചു് നശിപ്പിക്കുവാനുദ്ദേശിച്ച ശത്രു സൈന്യങ്ങളെ കാററത്തു് പഞ്ഞിപോലെയാക്കിക്കഴിഞ്ഞു. നിങ്ങൾക്കു് ശത്രുക്കൾ മാൎഗ്ഗവിഘ്നം ചെയ്വാനുദ്ദേശിച്ചിരുന്ന വഴികളെല്ലാം നിൎബ്ബാധമാവുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ വിജയം പരിപൂൎണ്ണമായിരിക്കുന്നു.

അടുത്തവസരത്തിൽ ഞാൻ സന്ദൎശിച്ചസമയം നിങ്ങൾ ഉത്സാഹഭരിതരായിരുന്നു. ഈ ഉത്സാഹവും ഉശിരും ഇപ്പോൾ ശത്രുവിന്നും ലോകത്തിന്നും അനുഭവമായി. അഭിവാദയെ!

—മൌണ്ടിബാററൻ പ്രഭു പതിന്നാലാം സൈന്യത്തിന്നു് ഫിബ്രുവരി 28-ാം തിയ്യതി അയച്ച സന്ദേശത്തിൽനിന്നു് (തൎജ്ജമ)

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| അഭിവാദയെ ! .. .. .. .. .. | 1 | പ്രത്യേക ലേഖനങ്ങൾ : | |
| കേരളത്തിലെ കഷ്കക സംസ്കാരം .. .. .. | 2 | റക്ഷ്യ / ഇററലി / ജാപ്പാൻെറ നേരെ / ഫിൻലണ്ട് .. .. .. .. | 5, 6 |
| | | മി. റൂസ്‌വെൽട്ട് .. .. .. .. | 7, 8 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 4 | കൊടുങ്കാററ് .. .. .. .. .. | 9, 10 |


# കേരളത്തിലെ കർഷക സംസ്കാരം

ഏതൊരു സമുദായത്തിൻെറയും ജീവനാഡി കഷ്കനാണ്. തൻെറ കരബലംകൊണ്ട് ഭൂമിദേവിയോടു പൊരുതി യഥാത്ഥ സ്വത്ത് നിമ്മിക്കുന്നവൻ ഇവനാണ്. സമുദായ വിപ്ലവമുണ്ടാകുമ്പോൾ, കൊടുങ്കാററിൽപെട്ട കപ്പലിന്ന് നംക്രരമെന്നപോലെ, സമുദായത്തെ നശിപ്പിക്കാതെ, കോളിൽപെട്ട് തോണി മുങ്ങാതെ, കഴിക്കുന്ന സുസ്ഥിരമായ ഏകവസ്തു ഇവനാണ്. പ്രകൃതിപാഠം വായിച്ചു മനഃസംസ്കാരം വരുത്തുന്ന ഏക വിദ്യാത്ഥി ഇവനാണ്. ഇവനെ നന്നാക്കിത്തീക്കുവാൻ ഗവമ്മേണ്ട് പലേ കായ്യങ്ങളും ചെയ്യുന്നുണ്ട്. നാളെ യുദ്ധാനന്തരമുണ്ടാകുന്ന ഇന്ത്യയുടെ ഭാവി നന്നാക്കിത്തീക്കുവാൻ ഗവമ്മേണ്ട് ആസ്പദിക്കുന്നതും ഇവനെയാണ്. അതിനാൽ, പ്രകൃതിദേവി അതിസുന്ദരമായി സംസ്കരിച്ചതായ ഇവൻെറ സ്വരൂപത്തിന്ന് നമ്മുടെ പരിഷ്കാരബുദ്ധിയുടെ മലിനത ബാധിക്കാൻ സമ്മതിക്കാതെ, ഇപ്പോൾ മങ്ങിക്കിടക്കുന്ന സ്ഥിതിയിൽനിന്നൊന്നു തെളിയിച്ചു പുഷ്ടിപ്പെടുത്തി കേരളത്തിന്നൊരു പ്രത്യേക ശോഭവരുത്തുവാൻ സവ്വവിധേനയും നാം ശ്രമിക്കേണ്ടതാണ്. താഴെ കൊടുക്കത്തിരിക്കുന്ന പാട്ട് കേരളത്തിലെ കഷ്കൻെറ സംസ്കാരസമ്പ്രദായം എത്രയും വിശദമാക്കുന്നു. ഇവന്നു വാച്ചും മററും ആവശ്യമില്ല സമയമറിവാൻ. പകൽ നിഴൽ അളന്ന് സമയം കണക്കാക്കുന്നു. രാത്രി നക്ഷത്രം നോക്കിട്ടും സമയം നിണ്ണയിക്കുന്നു. ഈ പാട്ട് നക്ഷത്രസ്വരൂപം കണ്ടുപിടിക്കുന്നതിനെപ്പററിയാണ്:—

കുതിരേടെ മുഖംപോലെ അശ്വതി മൂന്നു താരകം
അത്ര മൂന്നിൻെറയും മദ്ധ്യം ഗ്രാഹ്യം മദ്ധ്യാഹ്നവേളയിൽ
കക്കടത്തിൽ പതിമൂന്നാം ഭാഗത്തിങ്കലിതുച്ചയാം
ഭരണീയോനിയെപ്പോലെ മൂന്നു നക്ഷത്രമുള്ളതു
കക്കടെയിരിപത്തെട്ടാം ഭാഗത്തിങ്കലിതുച്ചയാം
ക്ഷുരകകത്തിയെപ്പോലെയാറുനാളുണ്ടു കാത്തിക
എന്നിയെ മകുടംപോലെയാകിലാമിഹ കാത്തിക
ചിങ്ങത്തിൽ പഞ്ചമം ഭാഗം ഉദിക്കുമ്പോളിതുച്ചയാം
രോഹിണീ ചാടുപോലഞ്ചു നക്ഷത്രങ്ങളതായ്വരും
സിംഹെ സപ്തദശംഭാഗമുദിക്കുമ്പോളിതുച്ചയാം
മാനിൻെറ തലയെപ്പോലെ മകീരം മൂന്നു നാളുകൾ
കന്നിയിൽ പ്രഥമം ഭാഗമുദിക്കുമ്പോളിതുച്ചയാം
മണിപോലൊരു നാളാംകന്യാനവ പദാഗതാ
ദിശദായാമമെന്നുള്ള വാക്യത്തിന്നുള്ളൊരാതിര
ഇതല്ലു മററതേതെന്നു നിരൂപിച്ചിട്ടുകല്പ്യതാം
തെക്കും നടുവിലും പിന്നെ വടക്കും രണ്ടു താരകം
പുണർതം തത്രമദ്ധ്യസ്ഥ താരമുച്ചക്കു കീത്തിതം
യഥാ വട്ടക്കെ വററിൻെറ നടുവാകിലുമാമിഹ
തുലാത്തിൽ മൂന്നാം ഭാഗത്തിലുച്ചയാമിതു നി[illegible]യം
പൂയം വാലുള്ള കണ്ണാടിക്കൊത്തു നക്ഷത്രമെട്ടിഹ
തുലായാം ഷോഡശം ഭാഗമുദിക്കുമ്പോളിതുച്ചയാം
വിഷമം ചതുരശ്രം സ്യാദാശ്ലേഷം നാലുതാരകം
തുലാത്തിലിരുപത്തേഴാം തിഥ്യതിക്കുച്ചയാമിതു
കൊടിക്കകം നുകംപോലെ നാലു നക്ഷത്രമാം മകം
വൃശ്ചികെ നവമംഭാഗമുദിക്കുമ്പോളിതുച്ചയാം
രണ്ടു നക്ഷത്രമാം പൂരം വൃശ്ചികെ ഹുരുതിഥ്യതി
ഉദിക്കുന്നേരമീതാരമുച്ചയാണെന്നു നിശ്ചയം
ഉത്തിരം രണ്ടു നക്ഷത്രം, കൃത്യമായികാണുവാൻ പണി
ചാപെ തിഥ്യതിമൂന്നിങ്കലുദിക്കുമ്പോളിതുച്ചയാം
പൂരമുത്തിരവും കൂടി കട്ടിൽകാൽപോലെ തോന്നിടും

ഹസ്തം വിസ്തൃതലംപോലെയഞ്ചു നക്ഷത്രമാമിഹ
ചാപെ വിംശതമാം ഭാഗമുദിക്കുമ്പോളിതുച്ചയാം
മുത്തുപോലാറുനാൾ ചിത്ര ചാപാന്ത്യത്തിലിതുച്ചയാം
വിദ്രുമാമണിയെപ്പോലെ ചോതി നക്ഷത്രമൊന്നിഹ
മകരെ നവമം ഭാഗമുദിക്കുമ്പോളിതുച്ചയാം
വിശാഖം കുടപോൽ വൃത്തം വടക്കു മകരാന്തകെ
ഉച്ചയാമിതു തെക്കെന്നു ചിലരൊമ്പതു നാളിഹ
അനിഴം നാലു നക്ഷത്രം പിന്നെ തൃക്കേട്ട മൂന്നുനാൾ
ഇവററിലത്ര നടുവെയുള്ള താരം ചുവന്നതാം
കുംഭത്തിലൊമ്പതാംഭാഗ മുദിക്കുമ്പോളിതുച്ചയാം
മൈത്രമൊമ്പതു നക്ഷത്രമെന്നു ചൊല്ലുന്നു കെചന
മൂലം നാലൊമ്പതെന്നേകെ സിംഹവാലിന്നു തുല്യമായ്
അവററിൽ രണ്ടു നക്ഷത്രം കിഴക്കോട്ടുള്ളതുച്ചയാം
കുംഭത്തിൻെറയൊടുക്കത്തു ചിലരീരണ്ടു താരകൾ
എന്നത്രെ മൂലമെന്നല്ലൊ ചൊല്ലുന്നു സൂക്ഷ്മദശികൾ
പൂരാടം നാലു നക്ഷത്രം ചതുരശ്രമവററില്
ഉച്ചയാകുന്നനേരത്തു കിഴക്കെ വററയോക്കണം
ഉത്രാടം നാലും നക്ഷത്രം ചതുരശ്രമവററിന്
ഉച്ചയാകുന്നനേരത്തു ഗ്രഹിർപ്പൂ മദ്ധ്യഭങ്ങളെ
മുഴക്കോൽപോലെ മൂന്നല്ലൊ തിരുവോണം പ്രകീത്തിതം
മേഷെ തിഥ്യതിപത്തിന്നുദിക്കുമ്പോളിതുച്ചയാം
അവിട്ടം മദ്ദളംപോലെയാറുനക്ഷത്രമാമിഹ
മേടത്തിലിരിപത്താറു തിഥ്യതിക്കുച്ചയാമിതു
പൂരോരട്ടാതിയും പിന്നെയുത്തിരട്ടാതിയും തഥാ
ഈരണ്ടു താരകം വീതം കട്ടിൽകാൽപോലെ തോന്നിടും
മിഥുനത്തിൽ തന്റെ ഗുരുഭാഗങ്ങളിലിതുച്ചയാം
മുപ്പത്തിരണ്ടു നക്ഷത്രം മഴുവുപോലൊത്തു രേവതി
തെക്കെയററമിവററിന്നു കക്ക്യാദിയിലിതുച്ചയാം
ദിക്കുടുത്ത പ്രദേശത്തു നിന്നു നോക്കു ഇവററിനെ



## പ്രതിവാരചിന്തകൾ

മലബാറിൽ നാനാ സമുദായങ്ങളുള്ളതിൽ ഓരോന്നിന്റെയും സംസ്കാരമനുസരിച്ചു വേണം കുടിൽവ്യവസായങ്ങൾ നിർണ്ണയിക്കുവാൻ. അതുപോലെത്തന്നെ കുടിൽവ്യവസായങ്ങൾ വ്യവസ്ഥ ചെയ്യുന്നതു് കാലദേശാവസ്ഥകളനുസരിച്ചുമായിരിക്കണം. മലബാറിലെ മലയോരങ്ങളിൽ കടലോരങ്ങളിൽ നടത്തിവരാവുന്ന കുടിൽവ്യവസായങ്ങൾക്കു സ്ഥാനമില്ല. കടലോരങ്ങളിൽ അധികമായി തെങ്ങിൽനിന്നുള്ള അനുഭവങ്ങളെ ആസ്പദിച്ചു് ഏർപ്പാടു ചെയ്യാവുന്ന കുടിൽവ്യവസായങ്ങളാണു കാണുക. ചകിരികൊണ്ടും ഓലകൊണ്ടും മാത്രം ഉപജീവനമാർഗ്ഗം കണ്ടുപിടിക്കുന്ന കുഡുംബങ്ങൾ കടലോരങ്ങളിൽ ആയിരക്കണക്കായിട്ടുണ്ടു്. എന്നാൽ മലയോരങ്ങളിൽ തെങ്ങ് ഒരപൂർവ്വ കൃഷിയായതിനാൽ ഓണം, വിഷു, തിരുവാതിര മുതലായ ആണ്ടുതികൾക്കു മാത്രമെ അവിടങ്ങളിൽ നാളികേരം ഉടക്കുക തന്നെയുള്ളൂ. മലയോരങ്ങളിലേക്കു പറ്റുന്ന കുടിൽവ്യവസായങ്ങൾ പ്രത്യേക തരത്തിലുള്ളവയാണു്. ഇവിടങ്ങളിലാണു് തേനീച്ചയെ വളർത്തുവാനും തേനുണ്ടാക്കുവാനും വളരെ സൌകര്യം. കയറുപിരിക്കാനും, പായ നെയ്യുവാനും മറ്റും പറ്റിയ പുല്ലുകളും ഇവിടങ്ങളിൽ ധാരാളമില്ലെന്നില്ല. പക്ഷെ, ഇവയെക്കൊണ്ടുള്ള വ്യവസായങ്ങൾ എത്രയോ താണനിലയിലെ ഇപ്പോൾ കാണുന്നുള്ളൂ. കടലോരങ്ങളിലെ ചകിരിവ്യവസായം അങ്ങിനെയല്ല. മുതൽ ധാരാളം അതിലേക്കിറക്കി പുഷ്ടിപ്പെടുത്തിയ വ്യവസായമാണു് ചകിരി. അന്യദേശങ്ങളിലെ വ്യാപാരസ്ഥലങ്ങളിൽ കൂടി ചകിരികൊണ്ടുണ്ടാക്കിയ സാധനങ്ങൾക്കു ചെലവുണ്ടുതാനും. എന്തുകൊണ്ടു് മലയോരങ്ങളിലെ വ്യവസായങ്ങൾക്കും ഇതേമാതിരി പുഷ്ടിവരുത്തിക്കൂടാ?

ഉൾനാട്ടുകൾ

മലയോരങ്ങളും കടലോരങ്ങളുമല്ലാത്ത ഉൾനാട്ടുകളിൽ സുലഭമായി ഏർപ്പെടുത്താവുന്ന കുടിൽവ്യവസായങ്ങൾ മൂന്നാമതൊരു തരത്തിലുള്ളവയാണു്. ഇവിടങ്ങളിലാണു് ഡെയറിയിങ്ങ്, അല്ലെങ്കിൽ നെയ്യു്, പാലു്, മോരു് മുതലായവയുടെ വ്യവസായം നിഷ്പ്രയാസം ഏർപ്പെടുത്താവുന്നതു്. ചക്ക, നേന്ത്രപ്പഴം, കൈതച്ചക്ക മുതലായ പഴങ്ങൾ വരട്ടി അവയെക്കൊണ്ടു് ജാം വ്യവസായം നടത്തുവാനും എളുപ്പമാണു്. ഇതുപോലെത്തന്നെ ചക്ക, നേന്ത്രക്കായ, പൂളൊക്കിഴങ്ങ്, ചേന മുതലായതു് വറുത്തു് കാറ്റു കടക്കാത്ത ടിന്നിലാക്കി വിദേശങ്ങളിലെത്തിക്കുവാനുള്ള വ്യവസായത്തിനും വ്യാപാരത്തിനും വളരെ സൌകര്യമുണ്ടു്. വിററിമീൻ ഒന്നരണ്ടല്ല. നൂറുതരത്തിലുള്ളവ അടങ്ങിയ സാമാനങ്ങൾ നമ്മുടെ നാട്ടിൽ വിളയുന്നു. ഇത്തരം ഗുണസമ്പന്നമായ സാധനങ്ങളാണു് ഇവയെന്നു് പ്രസിദ്ധീകരണത്തിന്നുള്ള ഒരു യന്ത്രവും തന്ത്രവും മാത്രം മതി നമുക്കു്. ലോകത്തിന്റെ ഒട്ടാകെയുള്ള രുചി വശീകരിപ്പാനുള്ള വിഭവസമൃദ്ധി നമ്മുടെ ദിക്കിലുണ്ടു്. തന്റെ വണ്ണം അറിയാത്ത ആനയുടെ സ്ഥിതിയാണു് നമ്മുടേതു്.



ബഹുമാനപ്പെട്ട വൈസറോയി അവർകളുടെ ചായസൽക്കാരം

*    *    *


കർമ്മകുശലത


ഓരോ സമുദായത്തിന്റെ സംസ്കാരമനുസരിച്ചും, കാലദേശാവസ്ഥകളനുസരിച്ചും മലബാറിൽ കുടിൽവ്യവസായങ്ങൾ വർദ്ധിപ്പിക്കാനുള്ള സൌകര്യങ്ങൾക്കു പുറമെ

വളരെ പുരാതനമായി കേരളാചാരമനുസരിച്ച ചില പ്രത്യേകം സമുദായങ്ങളിൽ ചില പ്രത്യേക തരത്തിലുള്ള കമ്മകുശലതയുടെ സംസ്കാരം കിടപ്പുണ്ട്. ഈ കമ്മകുശലത ഇന്നു ദാരിദ്ര്യത്തിൻെറ ചളി പുരണ്ടു കിടക്കുന്നതിനാൽ അത്ര പ്രത്യക്ഷമായി കാണുന്നില്ലെന്നല്ലാതെ, അതിൻെറ യോഗ്യതക്കു യാതൊരു ഹാനിയും വന്നിട്ടില്ല. ഇതിനു പററിയ ചളി തേച്ചുകളഞ്ഞ് പൂവ്വസ്ഥിതിയിലുള്ള പ്രകാശം വരുത്താമെങ്കിൽ ലോകത്തിൽ മറെറാരേടത്തും കാണാത്തതായ ഒരു പ്രാചീനകല ഇതിൽ കാണാവുന്നതാണ്. ആശാരി, മൂശാലി, തട്ടാൻ, കൊല്ലൻ മുതലായ കമ്മാളജാതിക്കാർ നടത്തിവരുന്ന ഓരോ തൊഴിലും കുടിൽവ്യവസായത്തിൻെറ കേന്ദ്രമാണ്. മരിക, ചെപ്പ്, ഓട്ടുപാത്രങ്ങൾ, പിച്ചളപാത്രങ്ങൾ മുതലായവ ഏതു കലാപ്രദശനത്തിലും മെഡൽ വാങ്ങത്തക്കവയാണ്. ഇന്ത്യയിലുള്ള ജില്ലകളിൽ കലക്ടർമാരുടെ ഉദ്യോഗം ഭരിച്ച് ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോകുന്ന സായ്‌വന്മാർ ഏതെല്ലാം ജില്ലകളിൽ നിന്നാണ് വ്യവസായ മാതൃകകൾ കൊണ്ടുപോകുന്നത്? മലബാറിൽ വരുന്ന ഏതൊരു സായ്‌വാണ് തൊപ്പിക്കുട മുതൽ ചെരുപ്പ്‌വരെയുള്ള സാധനങ്ങൾ വാങ്ങിക്കൊണ്ടുപോകാതെയുള്ളത്? പുതുതായി പലേ കുടിൽവ്യവസായങ്ങളും മലബാറിൽ ഏപ്പെടുത്താവുന്നവയുണ്ട്; അതിനു സാദ്ധ്യമല്ലെങ്കിൽ പഴയതുതന്നെ എത്ര എത്ര വേണമെങ്കിലുമുണ്ടുതാനും.

* * *

മലബാറിനെക്കുറിച്ച് പലതും പലപ്പോഴുമായി സഞ്ചികയുടെ പ്രതിവാരചിന്തകൾക്കു വിഷയീഭവിച്ചിട്ടുണ്ട്. ഇവയിൽ കാണുന്ന ക്രമക്കുറവും, ഒട്ടാകെയുള്ള സ്വരൂപശൂന്യതയും അവ ചിന്താശകലങ്ങളായതുകൊണ്ടുതന്നെയാണ്. ചോദ്യക്കടലാസ്സു മുമ്പിൽ വെച്ച് ഒരു കമ്മിററി നടത്തുന്ന അന്വേഷണമൊ, ഒരു ഗവേഷണപടു സമപ്പിക്കുന്ന സവിസ്തരമായ പ്രബന്ധമൊ അല്ലല്ലൊ ഇത്. മലബാറിലെ സമുദായം നാനാമുഖങ്ങളായിട്ടുള്ള അഭിവൃദ്ധിയെ പ്രാപിപ്പാൻ വല്ല വഴികളുമുണ്ടെങ്കിൽ അവയെ എല്ലാം ഉടനെ വെട്ടിത്തെളിയിക്കണം; യഥാത്ഥത്തിൽ മണ്ണടിഞ്ഞു കിടക്കുന്നതായ ഈ സമുദായത്തെ പൂവ്വിക സംസ്കാരത്തിനും നടവടികൾക്കും അനുസരിച്ചും, ഇന്നത്തെ കാലസ്ഥിതിക്കനുസരിച്ചും പുനജ്ജീവിപ്പിക്കണം; മലബാറിലെ സന്താനങ്ങൾ നല്ലവണ്ണം ഉണ്ടുകഴിച്ച് ഉണരട്ടെ, എന്നു കരുതി ഇപ്പോൾ ഒരു കതിര് നെല്ലുണ്ടാകുന്നേടത്ത് നാളെ രണ്ടു കതിരുണ്ടാകണം; ഈവക സംഗതികളാണ് ഈ ചിന്താശകലങ്ങൾക്കടിസ്ഥാനം. മലബാറിൻെറ തേജസ്വികളും ബുദ്ധിശാലികളുമായ പത്തു സന്താനങ്ങളൊത്തു ചേന്നാൽ നാളെക്കുള്ള നിവൃത്തിക്കു് ഏററവും പ്രായോഗികമായ ഒരു പ്ലാൻ തെയ്യാറാവാനും പ്രയാസമില്ല. ഇങ്ങനെയൊരു പ്ലാൻ തെയ്യാറായിക്കാണുന്നതുവരെ സഞ്ചിക ഈ ഉദ്യമത്തിൽ നിന്നു പിൻമാറുകയില്ല. എന്നിട്ടും ഈ ഉദ്യമം സഫലമാകാത്തപക്ഷം, സഞ്ചികയെക്കാൾ വലുതായ ഒരു രംഗത്തിൽ ഇക്കാര്യം വിഷയീഭവിക്കാതെ കഴികയുമില്ല. എല്ലാം ഈശ്വരേച്ഛപോലെ വന്നുചേരട്ടെ!






ഇപ്പോൾ നടക്കുന്ന ബമ്മാ യുദ്ധത്തിൽ പങ്കെടുക്കുന്ന ഡി ഹാവില്ലൻറ് "മോസ്ക്കിട്ടൊ" വിമാനങ്ങൾ

# യുദ്ധസഞ്ചിക

## പ്രതിവാര പത്രം

1944 മാർച്ച് 3-ാംനു-, വെള്ളിയാഴ്ച

## റഷ്യ

വൈററ് റഷ്യയുടെ തലസ്ഥാന നഗരിയായ മിൻസ്കിന്നഭിമുഖമായിട്ടുള്ള ഒരു പുതിയ റഷ്യൻ ആക്രമണമാണ് ഈയാഴ്ചയിൽ റഷ്യൻ യുദ്ധരംഗത്തിൽ നടക്കുന്ന ഒരു പ്രധാന സംഭവം. റഷ്യൻസൈന്യത്തിന്റെ ഈ പുതിയ ആക്രമണം ആരംഭിച്ചിരിക്കുന്നതു് ജനറൽ റൊക്കൊസൊസ്കിയുടെ സൈന്യനായകത്വത്തിൻ കീഴിലാണ്. റഷ്യൻ സൈന്യത്തിന്റെയും ജർമ്മൻ സൈന്യത്തിന്റെയും ഇടയിൽ ഒരു വലിയ അതൃത്തിയായി കിടന്നിരുന്ന നീപ്പർ നദിയുടെ കിഴക്കെ തീരത്തുണ്ടായിരുന്ന ജർമ്മൻ സൈന്യത്തെ സർവ്വ പ്രദേശങ്ങളിലും പടിഞ്ഞാറെ തീരത്തേക്കു റഷ്യക്കാർ ആട്ടിയോടിച്ചുകഴിഞ്ഞിരിക്കുന്നു. വൈററ് റഷ്യൻ ഖണ്ഡത്തിൽനിന്നു് മാത്രം ഇതു കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. ഈ ഖണ്ഡത്തിന്റെ തെക്കെ തലക്കിലുള്ള ജർമ്മൻ സൈന്യസങ്കേതം സ്ലോബിൻ നഗരിയും വടക്കെ തലക്കിലുള്ളതു് വിറെറബ്സ്കമാകുന്നു. ഇതിന്റെ മദ്ധ്യപ്രദേശത്തുള്ള ജർമ്മൻ സങ്കേതങ്ങളാണ് മോഗിലേവും ഓർഷയും. സ്ലോബിന്നും വിറെറബ്സ്കിന്നും ഇടയിലായിട്ടാണ് റഷ്യൻ സൈന്യം ഇപ്പോൾ ഒരു പുതിയ ആക്രമണം മുപ്പതു നാഴിക നീളത്തിലുള്ള ഒരു ഖണ്ഡത്തിൽ കൂടി ആരംഭിച്ചിരിക്കുന്നതു്. ആക്രമണം ആരംഭിച്ച ഉടനെ സ്ലോബിന്നടുത്തു കിടക്കുന്ന റോഗച്ചെവ് കോട്ട (ജർമ്മൻകാരുടേതു്) റഷ്യൻ സൈന്യം പിടിച്ചു് സ്ലോബിൻ നഗരിയിലുള്ള ജർമ്മൻ സൈന്യത്തിന്നു അനങ്ങുവാൻ നിവൃത്തിയില്ലാതാക്കി. ഇതിന്നുശേഷം വൈററ് റഷ്യയുടെ തലസ്ഥാന നഗരിയായ മിൻസ്കിലെക്കാണ് റഷ്യൻ സൈന്യത്തിന്റെ ഗതി. പോകുന്ന വഴിയിലാണ് റൊബ്രൂസ്ക്. ഈ നഗരിയുടെ ശീട്ടെഴുതിക്കഴിഞ്ഞു. മിൻസ്ക് പിടിച്ചുകഴിഞ്ഞാൽ ലിത്തുനിയായിലേക്കുള്ള വഴിതെളിഞ്ഞു. ലിത്തുനിയക്കു് തൊട്ടുകിടക്കുന്ന ലാററ്വിയായിലേക്കു വേറൊരു റഷ്യൻ സൈന്യം അണയുന്നുണ്ടു്. ലാററ്വിയായിലേക്കുള്ള പടിവാതിലാണ് സ്കോവ് നഗരി. ഈ സ്കോവ് നഗരിയെ മൂന്നു റഷ്യൻ സൈന്യങ്ങളാണ് വളഞ്ഞിരിക്കുന്നതു്. റഷ്യൻ മദ്ധ്യഖണ്ഡത്തിലും ബാൾട്ടിക്ക് പ്രദേശത്തും ഇത്തരത്തിലാണ് റഷ്യൻ സൈന്യത്തിന്റെ വിജയം. റഷ്യൻ രംഗത്തിന്റെ തെക്കെ ഖണ്ഡത്തിലും ജർമ്മൻ സൈന്യത്തിന്നു അതിഗംഭീരമായ പരാജയമാണ് നേരിട്ടിട്ടുള്ളതു്. യൂക്രൈനിലെ ലോഹഖനികളുടെ കേന്ദ്രങ്ങളായ ക്രിവൊയ് റോഗും, നിക്കോപ്പോളും റഷ്യക്കാരുടെ കൈവശം വന്നതിന്നുശേഷം മൂന്നു റഷ്യൻ സൈന്യം ഇപ്പോൾ ബഗ്ഗ്നദിക്കണെച്ചുകൊണ്ടുള്ള ജർമ്മൻ സൈന്യനിരയെ പൊളിക്കാനും കരിങ്കടലിന്റെ വക്കത്തുള്ള ഖർസൺ, ഒഡിസ്സാ എന്നീ തുറമുഖങ്ങൾ കൈവശപ്പെടുത്താനുമാണ് പരിശ്രമം. ഇതിന്നും പുറമെ ഈ മൂന്നു റഷ്യൻ സൈന്യങ്ങളുടെ ഗതികൊണ്ടു് ഒഡിസ്സയിൽനിന്നു വാർസയിലേക്കുള്ള റെയിൽവെ മുഴുവൻ ജർമ്മൻകാരുടെ വക്കൽനിന്നു് റഷ്യക്കാരുടെ കൈവശം വന്നേക്കുമൊ എന്നു ഭയപ്പെടേണ്ടിയുമിരിക്കുന്നു. ഇതിന്നെല്ലാം പുറമെ മേൽപറഞ്ഞ മൂന്നു റഷ്യൻ സൈന്യത്തിന്റെ ഗതി റുമേനിയായുടെ അതൃത്തിക്കും ആപത്തുണ്ടാക്കിത്തീർത്തേക്കാം.

---

## ഇററലി

റഷ്യൻ രംഗത്തിനേയും ഇനിവരാൻപോകുന്ന രണ്ടാം യുദ്ധരംഗത്തിനേയും അപേക്ഷിച്ചു് ഇററലിയിലെ യുദ്ധരംഗം സാരമില്ലെന്നു് വിചാരിച്ചിരുന്നുവെങ്കിലും ഇപ്പോൾ അതിനെയാണ് ഹിററ്ലർ അതിഗൌരവമായി കരുതിയിരിക്കുന്നതെന്നു് തോന്നുന്നു. അഞ്ചു ലക്ഷം ഭടന്മാരുള്ള ഒന്നാന്തരം രണ്ടു ജർമ്മൻ സൈന്യങ്ങൾ, അതായതു്, പതിനെട്ടു് ഡിവിഷ്യൻ ജർമ്മൻ സൈന്യങ്ങൾ ഇപ്പോൾ ഇററലിയിൽ ഐക്യകക്ഷി സൈന്യങ്ങളെ എതൃക്കുന്നു. മാത്രമല്ല, അതിവിദഗ്ദ്ധന്മാരായ ജർമ്മൻ സൈന്യനായകന്മാരെ റഷ്യൻ രംഗത്തിൽനിന്നു് പിൻവലിച്ചു് ഇററലിയിലേക്കു് കൊണ്ടുവന്നതായും അറിയുന്നു. ആൻസിയോ കടൽത്തീരത്തുള്ള ഐക്യകക്ഷി സൈന്യങ്ങളെ ജനറൽ കെസൽറിങ്ങിന്റെ കീഴിലുള്ള ജർമ്മൻ സൈന്യം രണ്ടു പ്രാവശ്യം അതിശക്തിയായി ആക്രമിച്ചു. അതിൽ രണ്ടിലും പരാജയപ്പെട്ടുവെങ്കിലും മൂന്നാമതും ഒരാക്രമണത്തിന്നുള്ള ഒരുക്കങ്ങൾ ചെയ്തുവരുന്നുണ്ടത്രെ. അടുത്തകാലങ്ങളായി ഹിററ്ലർ എന്താണ് ഇററാലിയൻ രംഗത്തിന്നു് ഇത്ര പ്രാധാന്യം കല്പിച്ചതു്? റോം നഗരി തന്റെ കൈവശത്തിൽനിന്നു പോകുന്നപക്ഷം ഗർവ്വി

ഷ്ടനായ ഈയാൾക്കു മററാരാളുടെ മുഖത്തു് നോക്കാൻ കൊള്ളുകയില്ല. അതിന്നും പുറമെ ഐക്യകക്ഷികൾ ഇററലിയിൽ അടിയുറപ്പിച്ചു് വരും തോറും മദ്ധ്യധരണിയുടെ പ്രദേശത്തുള്ള ഐക്യകക്ഷി വിമാനസൈന്യത്തിന്നു് തെക്കൻ ജർമ്മനിയേയും യൂറോപ്പിനേയും മുഴുവൻ തവിടുപൊടിയാക്കാൻ സാധിക്കുന്നുണ്ടു്. ഇംഗ്ലാണ്ടിലുള്ള ആർ. എ. എഫു്. വിമാനസൈന്യം നടത്തുന്ന പരാക്രമങ്ങൾക്കു പുറമെ തെക്കൻവഴിക്കുള്ള ആക്രമണങ്ങളും കൂടി അനുഭവിക്കേണ്ടിവരുമ്പോഴേക്കു ഹിററ്ലർക്കു് യാതൊരു ഗതിയുമില്ലാതെയായിത്തീരുന്നു.

---

## ജാപ്പാന്റെ നേരെ

ശാന്തസമുദ്രരംഗത്തിന്റെ മദ്ധ്യപ്രദേശത്താണു് ഇപ്പോൾ ജാപ്പാന്റെ നേരെയുള്ള യുദ്ധത്തിന്റെ ശക്തി മുഴുവൻ കാണുന്നതു്. വിമാനസൈന്യവാഹിനിക്കപ്പലുകളിൽനിന്നു കൊണ്ടാണു് അടുത്തവസരത്തിൽ അമേരിക്കൻ സൈന്യം ജാപ്പാന്റെ കടൽപടസങ്കേതമായ ട്രക്കിന്റെനേരെ ഒരു ഭയങ്കരമായ ആക്രമണം നടത്തിയതു്. ട്രക്കു് എന്നു പറയുന്ന ഈ ജാപ്പു് സങ്കേതം കാറോലൈൻ ദ്വീപുകളുടെ കൂട്ടത്തിലുള്ളതാണു്. ഈ ആക്രമണത്തിന്റെ ഫലമായി പത്തൊമ്പതു കപ്പലുകളും ഇരുനൂററിഒന്നു് വിമാനങ്ങളും ജാപ്പാൻകാർക്കു് നഷ്ടം വന്നുവത്രെ. ഈ ആക്രമണത്തിന്നു പുറമെ അമേരിക്കൻ സൈന്യം മാർഷൽ ദ്വീപുകൂട്ടത്തിൽചെന്നു് മിക്കവാറും ദ്വീപുകളെ കൈവശപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മൂന്നാമതായി, ജാപ്പാൻകാരുടെ ഒരു വലിയ സൈന്യസങ്കേതമായ റാബാൾ തുറമുഖത്തിന്റെ നേരെ അമേരിക്കൻ സൈന്യം നടത്തിവരുന്ന ആക്രമണം ദിനംപ്രതി ഭയങ്കരതയിൽ വർദ്ധിച്ചുവരുന്നു. ബർമ്മയിൽ അരാക്കാൻ പ്രദേശത്തും ജാപ്പാൻകാർക്കു് പരാജയം തന്നെയാണു്.

---

## ഫിൻലാണ്ടു്

കുറച്ചു ദിവസങ്ങളായി റഷ്യൻ വിമാനങ്ങൾചെന്നു് ഫിൻലാണ്ടിന്റെ തലസ്ഥാനനഗരിയായ ഹെൽസിങ്കിയെ ബോംബാക്രമണം ചെയ്തുവരുന്നു. ഇങ്ങിനെ ആക്രമണം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ റഷ്യയും ഫിൻലാണ്ടുമായി സമാധാനമാകുന്നുവെന്നുള്ള ഒരു വർത്തമാനവും കേൾക്കാറായി. ഇപ്പോൾ ഈ സമാധാനസംസാരത്തിന്നും അടിസ്ഥാനമില്ലത്രെ. ഇന്നത്തെ യുദ്ധംനിമിത്തം വല്ല രാഷ്ട്രവും ധർമ്മസങ്കടത്തിൽ പെട്ടുവെന്നു് പറയാമെങ്കിൽ അതു ഫിൻലാണ്ടാണു്. ഫിൻലാണ്ടു് ജർമ്മനിയുടെ ഒന്നിച്ചുനിന്നു് ഐക്യകക്ഷികൾക്കെതിരായിട്ടാണു് യുദ്ധം ചെയ്യുന്നതെങ്കിലും, ഫിൻലാണ്ടിന്റെ ആപത്തൊഴിഞ്ഞുവെന്നറിഞ്ഞാൽ അതുകൊണ്ടു് അധികം സന്തോഷം ഐക്യകക്ഷികൾക്കാണുതാനും. എന്തോ ഒരു വിധിവൈഭവംകൊണ്ടു് യുദ്ധത്തിൽ ജർമ്മനിയോടുകൂടി യോജിക്കേണ്ടിവന്നുവെങ്കിലും ഫിൻലാണ്ടു് യഥാർത്ഥത്തിൽ ഒന്നാന്തരം ഒരു പൊതുജനാധിപത്യഭരണമുള്ള കോയ്മയാണു്. മാത്രമല്ല, വളരെ പുരാതനമായി അമേരിക്കയുടെ ഒരാത്മമിത്രവുമാണു് ഫിൻലാണ്ടു്. ഇന്നും അമേരിക്കയും ഫിൻലാണ്ടും തമ്മിൽ യാതൊരു യുദ്ധവിളംബരവുമില്ല; ഇംഗ്ലാണ്ടുകൂടി ഫിൻലാണ്ടിന്റെ നേരെ യുദ്ധവിളംബരം ചെയ്തതു് വളരെ മൌഢ്യത്തോടുകൂടിയാണു്. ബ്രിട്ടനോടു് മൈത്രീഭാവം ഫിൻലാണ്ടാണു് ആദ്യം വേണ്ടെന്നുവെച്ചതു്. ഇതു് 1941 ജൂലായി മാസത്തിലായിരുന്നു. ഇതു കഴിഞ്ഞു് അഞ്ചു മാസത്തിന്നുശേഷമാണു് ബ്രിട്ടൺ ഫിൻലാണ്ടിന്റെ നേരെ യുദ്ധവിളംബരം ചെയ്തതു്.

> ഇന്ത്യയിൽ യുദ്ധത്തിന്നു മുമ്പുള്ള ചെലവും ഇന്നത്തെ ചെലവും കൂടി താരതമ്യപ്പെടുത്തി നോക്കുന്നതായാൽ മുമ്പുള്ളതിന്റെ രണ്ടര ഇരട്ടി ഇപ്പോൾ വർദ്ധിച്ചിരിക്കുന്നുവത്രെ. മുമ്പു് 100 ക. ചെലവു ചെയ്യേണ്ടിടത്തു് ഇപ്പോൾ 250 ക. ചെലവു ചെയ്യേണമത്രെ.

> ഇന്ത്യയിൽ റെയിൽവെ ജോലിക്കാരായി ഏഴു ലക്ഷം ആളുകളുണ്ടെന്നാണു് അറിയുന്നതു്. ഈ ഏഴുലക്ഷം ആളുകൾക്കു് ഏഴു ലക്ഷം ഭാര്യമാരും, ആളൊന്നിന്നു് കലമേനിക്കു് ഈരണ്ടു കുട്ടികളുണ്ടെങ്കിൽ പതിന്നാലു ലക്ഷം കുട്ടികളും കൂടി ഒട്ടാകെ റെയിൽവെ ജോലിയെ ആശ്രയിച്ചുകൊണ്ടു് ഇരുപത്തെട്ടു ലക്ഷം ആളുകളുണ്ടായിരിക്കുമെന്നു് ഒരു മാന്യൻ കണക്കാക്കിയിരിക്കുന്നു.



ബർമ്മാരംഗത്തിൽവെച്ചു നടന്ന ആദ്യകല്യാണം

# മി. റൂസ്‌വെൽട്ട്

[നാലാമത്തെ പ്രാവശ്യവും മി. റൂസ്‌വെൽട്ട് അമെരിക്കയിലെ പ്രസിഡെണ്ട് പദവിയിലേക്ക് ഒരു സ്ഥാനാർത്ഥിയാണ്. അമെരിക്കൻ ഭരണത്തിൽ ഇപ്പോൾ കണ്ടുവരുന്ന രണ്ടു കക്ഷികളിൽ ഡിമൊക്രാട്ടിക്ക് കക്ഷിയുടെ ആളാണ് ഇദ്ദേഹം. മറെറ കക്ഷിയാണ് റിപ്പബ്ലിക്കൻകക്ഷി. ഈ കക്ഷിയുടെ പ്രതിനിധിയായി മി. വെൺണ്ടൽ വിൽക്കിയും നില്ക്കുന്നുണ്ടത്രെ. സാധാരണയിൽ എത്രയൊ അധികം ദീർഘിച്ചകാലം അധികാരംനടത്തിവന്നതുകൊണ്ട് ഇദ്ദേഹത്തോട് ഇത്തവണയുള്ള എതൃപ്പിന്ന് പൂർവ്വാധികം എതൃപ്പുണ്ടാകുമെന്നാണ് പ്രതീക്ഷ. യു.സ.പ.]



യുദ്ധവർത്തമാനങ്ങളിൽ എല്ലായ്പോഴും ഐക്യകക്ഷികളെപ്പററി കേൾക്കാറുണ്ടല്ലൊ. ഐക്യകക്ഷികളിൽ പ്രധാനമായിട്ടുള്ള ഒരംഗം അമേരിക്കയുമാണ്. അമേരിക്ക എന്നു സാധാരണ പറയുന്നതു് അമേരിക്കൻ വൻകരയെപ്പററിയാകുന്നു. അമേരിക്കൻ വൻകരതന്നെ തെക്കെ അമേരിക്കൻ വൻകരയും വടക്കെ അമേരിക്കൻ വൻകരയും ഇങ്ങിനെ രണ്ടായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. വടക്കേ അമേരിക്കയിൽ രണ്ടു പ്രധാന രാഷ്ട്രങ്ങളുണ്ടു്. അതിൽ ഒന്നു, അമേരിക്കയെന്നു ഇപ്പോൾ പൊതുവെ പറയുന്നതും, ഐക്യ കക്ഷികളിൽപെട്ട ഒരു പ്രധാന അംഗവുമായ യുണൈറെറഡ് സ്റ്റേററസ് ഓഫ് അമേരിക്ക, അല്ലെങ്കിൽ അമേരിക്കൻ ഐക്യ രാഷ്ട്രമാകുന്നു. ഈ രാഷ്ട്രത്തിന്റെ അംഗങ്ങളായി നാല്പത്തിഎട്ടു ചെറിയ സ്വാതന്ത്ര്യരാഷ്ട്രങ്ങളുണ്ട്. ഈ സ്വാതന്ത്ര്യ രാഷ്ട്രങ്ങളെല്ലാം ചേർന്ന്, ഓരോന്നിന്റെയും സ്വാതന്ത്ര്യഭരണത്തിന്നു കേടുവരാതിരിക്കത്തക്കനിലയിൽ, എല്ലാവർക്കും പൊതുവെയുള്ള അഭിവൃദ്ധിപ്രദങ്ങളായ കാര്യങ്ങളുടെ ഭരണത്തിന്നു വേണ്ടി ഒരു ഭരണകേന്ദ്രം സ്ഥാപിച്ചിട്ടുള്ളതിനാണ് യുണൈറെറഡ് സ്റ്റെയിററ്സ് ഓഫ് അമേരിക്ക, അല്ലെങ്കിൽ അമേരിക്കൻ ഐക്യരാഷ്ട്രമെന്നു പറയുന്നതു്. ഈ ഐക്യരാഷ്ട്രമാകുന്നു ഐക്യ കക്ഷികളുടെ നേതൃത്വം വഹിച്ചുകൊണ്ടു് യുദ്ധരംഗത്തിൽ പ്രധാന നടനായിക്കാണുന്ന അമേരിക്ക. ഈ ഐക്യരാഷ്ട്ര ഭരണത്തിൽ പ്രസിഡെണ്ടുസ്ഥാനം വഹിക്കുന്നാളാകുന്നു മി. റൂസ്‌വെൽട്ടു്.

ഇദ്ദേഹത്തിന്റെ ശരിയായ പേർ മി. ഫ്രാങ്ക്‌ലിൻ റൂസ്‌വെൽട്ടു് എന്നാകുന്നു. ഐക്യരാഷ്ട്രത്തിലെ പ്രസിഡെണ്ടിന്നു അധികാരങ്ങൾ എത്രയും വലുതായിട്ടുള്ളതാണെങ്കിലും അമേരിക്കയിലെ പതിമൂന്നുകോടി ജനങ്ങളുടെ വോട്ടുകൊണ്ടാകുന്നു അദ്ദേഹത്തെ നിശ്ചയിച്ചിട്ടുള്ളതു്. പതിമൂന്നുകോടി ജനം സ്വാതന്ത്ര്യമായി വോട്ടുചെയ്തു നിയമിക്കപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനാകുന്നു അദ്ദേഹം. മി. റൂസ്‌വെൽട്ടിന്നു ഒരു പ്രത്യേക യോഗ്യതയും കൂടിയുണ്ട്. ഐക്യ രാഷ്ട്രത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് അദ്ദേഹത്തെ മൂന്നാമതും ഈ സ്ഥാനത്തേക്കു തിരഞ്ഞെടുത്തിട്ടുള്ളതു് കഴിഞ്ഞ പത്തു കൊല്ലമായി ഇദ്ദേഹത്തെ അറിയാത്ത ജനങ്ങൾ അമേരിക്കയിൽ ഇല്ല. പത്തു കൊല്ലം കൊണ്ടു അടുത്തു പെരുമാററമുള്ള ഒരാളെ സംബന്ധിച്ച് എന്തെല്ലാം അറിയാറാകും ?

അറുപത്തി ഒന്നു കൊല്ലംമുമ്പ ഒരു ജനുവരി 30-ാം തിയ്യതിയാണ് ഇദ്ദേഹം ജനിച്ചതു്. ഐക്യ രാഷ്ട്രത്തിലെ മററുള്ളവരുടേതുപോലെ അദ്ദേഹത്തിന്റെയും രക്തനാഡികളിൽ കൂടെ അനവധി രാജ്യക്കാരുടെ രക്തം ഒഴുകുന്നുണ്ടു്. അതിന്നു കാരണം വേറെയൊന്നുമല്ല; അമേരിക്കയിൽ ആദ്യമായി കുടിയേറി പാർത്തുവന്നവരിൽ ഡച്ചുകാരും, സ്വീഡിഷുകാരും, ജർമ്മൻകാരും, ഇംഗ്ലീഷുകാരും, ഫ്രഞ്ചുകാരും, ഇററലിക്കാരും ഉണ്ടായിരുന്നു തന്റെ പൂർവ്വികന്മാർ വന്ന രാജ്യങ്ങളിലെല്ലാം റൂസ്‌വെൽട്ട് പോയി താമസിച്ചിട്ടുണ്ടു്. അവരുടെ ഭാഷകളും സംസാരങ്ങളും റൂസ്‌വെൽട്ടിന്നു അവരുടെ സ്വന്തം ഒരാളെപോലെ സുപരിചിതവുമാകുന്നു.

ഐക്യ രാഷ്ട്രത്തിലെ നാല്പത്തിഎട്ടു രാഷ്ട്രങ്ങളിലെ ഒരു രാഷ്ട്രമായ ന്യുയോർക്ക രാഷ്ട്രത്തിൽ ഒരു കർഷക ഗൃഹത്തിലാണ് അദ്ദേഹം ജനിച്ചതു്. ന്യുയോർക്കെന്നു ഒരു രാഷ്ട്രത്തിന്നും അതിന്റെ തലസ്ഥാന നഗരിക്കും പേരുണ്ടു്. പതിന്നാലു വയസ്സുവരെ അദ്ദേഹത്തിന്റെ വിദ്യാഭ്യാസം അച്ഛനമ്മമാരുടെ കീഴിലായിരുന്നു. ഇംഗ്ലീഷു, ഫ്രഞ്ച്, ജർമ്മൻ എന്നീ ഭാഷകൾ പഠിച്ചതിന്നു പുറമെ, തോണിസ്സവാരി, കുതിരസ്സവാരി, കൃഷി, നായാട്ട് മുതലായതുകളും പരിശീലിപ്പിച്ചു. പക്ഷെ, അധികം താല്പര്യം കടൽസംബന്ധമായ തൊഴിലുകൾക്കായിരുന്നു.

അദ്ദേഹത്തിന്റെ വിദ്യാഭ്യാസം വളരെ വിശാലമായിരുന്നു. ഹാർവാർഡ് സർവ്വകലാശാലയായിലായിരുന്നു അദ്ദേഹം പഠിച്ചിരുന്നതു്. ഇതു അമേരിക്കയിലെ ഒന്നാംകിട സർവ്വകലാശാലകളിൽ ഒന്നായിരുന്നു. ഇവിടെ വെച്ചാണ് അദ്ദേഹം ഒരിക്കൽ പറഞ്ഞതു്: "ഞാൻ എപ്പോഴും സ്വാതന്ത്ര്യത്തിന്നുവേണ്ടി മല്ലിടുന്നവരുടെ കക്ഷിയിലാണ്." ഇക്കാലത്തു ഇദ്ദേഹത്തിന്നു ഇരുപത്തൊന്നു വയസ്സെ ആയിരുന്നുള്ളൂ. അന്നുതന്നെ അദ്ദേഹത്തിന്നു യഥാർത്ഥ സ്വാതന്ത്ര്യബുദ്ധിയും, പരിശുദ്ധ ജീവിതവും ഉണ്ടായിരുന്നു. ആയതു മററുള്ളവർക്കും വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

ചെറുപ്പത്തിൽതന്നെ കല്യാണം കഴിച്ചു. ഭാര്യ, എലിനർ റൂസ്‌വെൽട്ട്, ഒരു ബന്ധു കുടുംബത്തിൽ പെട്ടവളാണ്. ഇവരും ഒരു പരിശുദ്ധ ജീവിതമുള്ളവളും, ആയതു് മററുള്ളവർക്കു വേണമെന്നാഗ്രഹിക്കുന്നവളുമാകുന്നു. ഇവർ 1905 ൽ സെൻറ് പാററിക്ക്സ്ഡെ എന്ന ഒരു ശുഭദിവസമാണ് കല്യാണം ചെയ്തതു്. കല്യാണത്തിന്നു വന്നവരിൽ ഒരാളായിരുന്നു അന്നത്തെ അമേരിക്കൻ ഐക്യ രാഷ്ട്ര പ്രസിഡെണ്ടു്.

ഫ്രാങ്ക്‌ലിൻ റൂസ്‌വെൽട്ട് ഒരു വക്കീലായി. ചെറുപ്പം മുതല്ക്കുതന്നെ ലോകത്തിൽ നടക്കുന്ന അനവധി തരത്തിലുള്ള അനീതികൾ അദ്ദേഹത്തിന്റെ മനസ്സിനെ അലട്ടിയിരുന്നു. അതു നിമിത്തം ഒരു തവണ അദ്ദേഹത്തിന്റെ രാഷ്ട്രത്തിലുള്ള നിയമസഭയിൽ ഒരു മെമ്പർസ്ഥാനത്തേക്കു തിരഞ്ഞെടുക്കലിന്നു നില്ക്കണമെന്നു അദ്ദേഹത്തോടാവശ്യപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: "തിരഞ്ഞെടുപ്പിന്നു നില്ക്കാൻ ഞാൻ തയ്യാറാണ്. പക്ഷെ എനിക്കു പൂർണ്ണസ്വാതന്ത്ര്യം വേണം. ഞാൻ ഒരാൾക്കും അടിമയായിരിക്കയില്ല. എനിക്കു പ്രത്യേകിച്ചാരോടും പ്രതിപത്തിയില്ല. ആ നിലക്കെ ഞാൻ നിയമസഭയിൽ പ്രവർത്തിക്കയുള്ളു. പക്ഷെ, തിരഞ്ഞെടുത്താൽ എന്റെ സമയം മുഴുവനും ഞാൻ ആ പ്രവൃത്തിക്ക് വിനിയോഗിക്കുന്നതായിരിക്കും." അദ്ദേഹത്തെ ഒരു പ്രാവശ്യമല്ല രണ്ടു പ്രാവശ്യം തിരഞ്ഞെടുത്തു.

മി. വിൽസൺ പ്രസിഡെണ്ടായിരിക്കുന്ന കാലത്ത് 1913 ൽ അദ്ദേഹത്തോടു വാഷിങ്ടൺ നഗരത്തിൽ ഐക്യ രാഷ്ട്രത്തിന്റെ കടൽ സൈന്യ ഡിപ്പാർട്ട്മെണ്ടിൽ അസിസ്റ്റാണ്ട് സിക്രട്ടരിയായിരിപ്പാനാവശ്യപ്പെട്ടു. കടൽപട കാര്യാർത്ഥം ഒരു സർക്കീട്ടു ചെയ്യുവാനുള്ള സന്ദർഭം വന്നപ്പോൾ മൈനുകൾകൊണ്ടു നിറച്ചിട്ടുള്ളതും, തന്മൂലം ആപല്ക്കരമായതുമായ നോർത്ത് സീ കടൽ പ്രദേശത്തുകൂടിയായിരുന്നു സർക്കീട്ടുചെയ്തത്. 1921 ൽ ഒരവസരത്തിൽ അദ്ദേഹം ഫണ്ടി എന്ന കടലിൽകൂടി യാത്രയായിരുന്നു. ഈ കടൽ അമേരിക്കയുടെ വടക്കുകിഴക്കൻ പ്രദേശത്താണ്. അതികലശലായ മഞ്ഞ്. പാറകൾകൊണ്ടു നിറഞ്ഞ പ്രദേശം. ഇതിൽകൂടെ വളരെ യാത്രചെയ്ത് കരക്കണയുന്നതിന്നു മുമ്പായി അദ്ദേഹം വെള്ളത്തിൽ വീണു. ദേഹം ഒട്ടാകെ തരിച്ചു.

യാത്രയുടെ ക്ഷീണംകൊണ്ടു വീട്ടിൽവന്ന് നല്ലവണ്ണം ഉറങ്ങി. പുലരുമ്പോഴേക്കും കാലുകൾ അനക്കുവാൻ വയ്യ. പക്ഷവാതം വന്നു. ഇക്കാലത്തു അദ്ദേഹത്തിന്നു നാല്പതു വയസ്സായിരുന്നു. വാതരോഗം പിടിപെട്ടുവെങ്കിലും താൻ ഒരു രോഗിയാണെന്നുള്ള ഭാവം അദ്ദേഹത്തിന്നു തീരെ ഇല്ലായിരുന്നു. കുറേശ്ശ കുറേശ്ശയായി അദ്ദേഹം നടന്നുതുടങ്ങി. ഡോക്ടർമാരെല്ലാം ഈ രോഗത്തിന്നു പതിനഞ്ചു കൊല്ലത്തെ അവധി പറഞ്ഞു. എട്ടു കൊല്ലംകൊണ്ടു സുഖമായി. വിശ്രമിക്കേണമെന്നു ഡോക്ടർമാർ പറഞ്ഞതിനെ വകവെക്കാതെ അദ്ദേഹം പ്രവൃത്തി എടുത്തു. ദീനം തുടങ്ങി എട്ടു കൊല്ലം കഴിയുമ്പോഴേക്കും ആദ്ദേഹത്തെ തന്റെ സ്വന്തം ന്യൂയോർക്ക് രാഷ്ട്രത്തിൽ ഗവർണ്ണരായി തിരഞ്ഞെടുത്തു. രണ്ടു കൊല്ലത്തിന്നുശേഷം പിന്നെയും ഗവർണ്ണരായി. അനാഥകളായിരുന്നു അദ്ദേഹത്തിന്റെ സ്നേഹിതന്മാർ. പോരെങ്കിൽ ജോലിയില്ലാത്തവരും, കൃഷിക്കാരും, തൊഴിലാളികളും ഇദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്നു. എന്തുകൊണ്ടായിക്കൂടാ? പൊതുജനങ്ങൾ എന്നു പറയുന്നതു് ഇവരല്ലെ?

കഴിഞ്ഞ യുദ്ധത്തിന്നുശേഷം ഉണ്ടായ സാമ്പത്തികാധഃപതനകാലത്തു പതിമൂന്നുകോടി ജനങ്ങളും അവർക്കെല്ലാവർക്കും അറിയുന്നതും അവരെ എല്ലാവരേയും അറിയുന്നതുമായ ഒരാളെ കണ്ടെത്തുവാനാഗ്രഹിച്ചു. 1932 ൽ അവരുടെ പ്രസിഡെണ്ടായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. അനീതി എവിടെ കണ്ടുവോ അവിടെ അദ്ദേഹം അധിക്ഷേപിച്ചു.

പൊതുജനങ്ങൾ എപ്പോഴും തന്റെ ഒന്നിച്ചുണ്ടെന്നുള്ള ധൈര്യത്തോടുകൂടി, കൃഷിക്കാർക്കു ഭൂമി വേണമെന്നും, അനാഥകൾക്കു വീടു വേണമെന്നും, വിശക്കുന്നവർക്കു ഭക്ഷണം വേണമെന്നും അദ്ദേഹം നിർബ്ബന്ധിച്ചു. ഗവർമ്മേണ്ടിനെകൊണ്ടു അതിന്നെല്ലാം വേണ്ട ഏർപ്പാടുകൾ ചെയ്യിച്ചു. ആർക്കും ആവശ്യമില്ലാതെ കടലിൽ പോയി ചേരുന്ന പുഴകളിലുള്ള വെള്ളം നിയന്ത്രണം ചെയ്തു അതിൽനിന്നു വിദ്യുച്ഛക്തിയെ ആവിർഭവിപ്പിക്കേണ്ടതാണെന്നും, ആയതു പൊതുജനോപകാരാർത്ഥം ഉപയോഗിക്കേണമെന്നും അദ്ദേഹം നിർബ്ബന്ധിച്ചു. ഐക്യ രാഷ്ട്രത്തിലെ പതിമൂന്നു കോടി ജനത്തോടും അദ്ദേഹം പറഞ്ഞതെന്താണ്? "നമുക്കു ഭയപ്പെടുവാനുള്ള ഏകവസ്തു ഭയമാണ്. നമുക്കു പൊതുവെയുള്ള സർവ്വദുഃഖങ്ങളെയും തീർക്കേണ്ടതിന്നാണ് ഞാൻ നിങ്ങളുടെ നേതൃത്വം വഹിച്ചിരിക്കുന്നതു്."

എഴുപതു ദിവസംകൊണ്ടു ഐക്യരാഷ്ട്രത്തിന്റെ കോൺഗ്രസ്സ്, അല്ലെങ്കിൽ പാർലിമെണ്ടു മുമ്പാകെ അദ്ദേഹം തന്റെ ഉദ്ദേശിച്ച പ്ലാൻ ഹാജരാക്കി നൂറു ദിവസത്തിന്നുള്ളിൽ നിയമം പാസ്സായി പൊതുജനങ്ങളുടെ സഹായത്തിന്നായി ഗവർമ്മേണ്ടിന്റെ പരിശ്രമം ആരംഭിച്ചു. ഇതിന്നു ശേഷം മൂന്നു പ്രാവശ്യം ജനങ്ങൾ തങ്ങളുടെ നേതാവായി അദ്ദേഹത്തെ തിരഞ്ഞെടുത്തു്.

ജർമ്മനി, ഇററലി, ജാപ്പാൻ എന്നീ രാജ്യങ്ങളിൽ ഭരണകാര്യം കയ്യേല്ക്കുന്ന ആൾ പൊതുജനങ്ങളുടെ ആവശ്യപ്രകാരമല്ല അങ്ങിനെ ചെയ്യുന്നതു്; പട്ടിണികൊണ്ടും, ഭയംകൊണ്ടും, തോക്കിന്റെ ചട്ടകൊണ്ടുള്ള ഇടികൊണ്ടുമാകുന്നു.

യുദ്ധം എന്താണെന്ന് മി. റൂസ്‌വെൽട്ടിന്നു നല്ലവണ്ണം അറിയാമായിരുന്നു. തനിക്കു നാലു മുതിർന്ന ആൺമക്കൾ ഉണ്ടായിരുന്നു. സന്താനവിരഹം കൊണ്ടു ഒരു പിതാവിന്നുള്ള ദുഃഖത്തിന്റെ കാഠിന്യവും അദ്ദേഹത്തിന്നറിയാമായിരുന്നു. സമാധാനം എത്ര സുഖസുന്ദരമാണെന്നും അദ്ദേഹത്തിന്നറിയാം. പക്ഷെ, സർവ്വജനങ്ങൾക്കും സമഭാവനയിലും, നീതിന്യായപരിധിയിലും കൂടിയുള്ള ഒരു ജീവിതമാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്. സർവ്വരാജ്യക്കാരും സമാധാനത്തിൽ വളരട്ടെ, എന്നാണ് അദ്ദേഹത്തിന്റെ ആജ്ഞ. തന്റെ അയൽവക്കക്കാരനു സമാധാനക്കേടുണ്ടാക്കുന്നവൻ സൂക്ഷിച്ചുകൊള്ളട്ടെ എന്നും അദ്ദേഹം ആജ്ഞാപിച്ചിരുന്നു. ഈ ആജ്ഞക്കെല്ലാം വിപരീതമായിവന്നതു യുദ്ധമാണ്.

സ്വാതന്ത്ര സൈന്യത്തിനോടു, അതേ അമേരിക്കക്കാരോടു അദ്ദേഹം വാഗ്ദത്തം ചെയ്തു. രണ്ടു കൊല്ലത്തിന്നുള്ളിൽ അമേരിക്കൻ ഐക്യ രാഷ്ട്രം 185,000 വിമാനങ്ങളും, 120,000 ടാങ്കുകളും 55,000 വിമാനവിനാശ തോക്കുകളും, 18,000,000 ടൺ കോളിന്നുള്ള കപ്പലുകളും ഉണ്ടാക്കുമെന്നു ഉറപ്പുകൊടുത്തു. അമേരിക്കൻ ജനത തങ്ങളോടൊപ്പം സ്വാതന്ത്ര്യത്തിന്നു സമരം ചെയ്യുന്നവർക്കു തങ്ങൾക്കുള്ള ഭക്ഷണത്തിന്റെ ഒരു പങ്കും കൊടുത്തു. മി. റൂസ്‌വെൽട്ട് തന്റെ നാലു പുത്രന്മാരെയും യുദ്ധത്തിനയച്ചു. "നാലു തരത്തിലുള്ള സ്വാതന്ത്ര്യം നമുക്കു വേണം: വാക്കു് സ്വാതന്ത്ര്യം; വിശപ്പിൽനിന്നു സ്വാതന്ത്ര്യം; മത സ്വാതന്ത്ര്യം; ഭയത്തിൽനിന്നു സ്വാതന്ത്ര്യം." ഇതാണ് അദ്ദേഹത്തിന്റെ ജീവിത പരിശ്രമത്തിന്റെ അടിസ്ഥാനം. ഈ സ്വാതന്ത്ര്യങ്ങളെ നേടുവാനായിക്കൊണ്ടു തന്നെയും തന്റെ രാഷ്ട്രത്തിനെയും താൻ ഉഴിഞ്ഞുവെച്ചിരിക്കുന്നു. ഇവയെ നേടുന്നതുവരെ അദ്ദേഹം യുദ്ധം ചെയ്യുന്നതാണെന്നു അമേരിക്കാക്കു പൂർണ്ണമായി അറിയാം.

ഇന്ത്യയിൽ ഇപ്പോൾ ഒരു ലക്ഷത്തിലധികം ഏക്ര തേക്കുംകാടുകളുണ്ടത്രെ. കൊല്ലത്തിൽ അയ്യായിരം ഏക്രയോളം പുതുതായി വെച്ചുപിടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ തേക്കുംകാടു കൃഷിയിൽ മലബാറിന്റെ പങ്ക് ഏററവും പ്രധാനമായിട്ടുള്ളതുമാണ്.

ബ്രിട്ടീഷ് സൈന്യത്തിലുള്ള ഒരു ഡിവിഷന്റെ ഒന്നിച്ച് ആയിരം തൻ വെടിവെപ്പ് സാമാനങ്ങൾ ഉണ്ടായിരിക്കും. ഒരു ഡിവിഷൻ ഒരു മൈൽ യാത്ര ചെയ്യുന്നതിന്ന് രണ്ടു തൻ പെട്രോൾ ഉപയോഗിക്കുന്നു. ഒരു വിമാനനശീകരണ പീരങ്കി ഒരു മിനുട്ടുനേരം ഉപയോഗിക്കേണ്ടതിന്ന് മൂന്നു തൻ വെടിവെപ്പു സാമാനങ്ങൾ വേണം. ഒരു പട്ടാളക്കാരനെ അന്യരാജ്യങ്ങളിൽ യുദ്ധാവശ്യത്തിന്നുകൊണ്ടുപോകുന്നപക്ഷം അഞ്ചു തൻ കപ്പൽകോളുകൊണ്ടെ ആയാളെ യുദ്ധരംഗത്തിൽ നിലനിർത്തിപോരുവാൻ സാധിക്കയുള്ളു.

